സമഗ്ര ഗുണമേന്മ
വിദ്യാഭ്യാസ പദ്ധതി

KARIMALA A M L P SCHOOL
KAPPURAM

# ACADEMIC MASTER PLAN
# 2025 -26



# ആമുഖം

2025 – 26 അധ്യയന വർഷത്തെ 'സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ' വർഷമായി ആചരിക്കാൻ പൊതു വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിരിക്കുന്നു. ഗുണമേന്മ വിദ്യാഭ്യാസത്തിലൂടെ പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി കുട്ടികളുടെ സമഗ്ര വികസനത്തിന് അനുകൂല പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവ്, കഴിവ്, പ്രായം എന്നിവ പരിഗണിച്ച് കരിക്കുലം വിഭാവനം ചെയ്യുന്ന പ്രകാരം അക്കാദമിക് പ്രവർത്തനങ്ങൾ ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കേണ്ടതുണ്ട്. കൃത്യമായ ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് അഭികാമ്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയുകയുള്ളു. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് കരിമല എ എം എൽ പി സ്കൂൾ ഈ വർഷത്തെ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. വരും വർഷങ്ങളിൽ ഈ വിദ്യാലയത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾ സമഗ്ര പുരോഗതി കൈവരിക്കുകയാണ് ഈ ആസൂത്രണ രേഖ ലക്ഷ്യമിടുന്നത്.

## അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : കരിമല എ എം എൽ പി സ്കൂൾ

വിലാസം : വട്ടോളി ബസാർ (പി.ഒ), ബാലുശ്ശേരി (വഴി) 673612 (പിൻ)

ഫോൺ : 9645230802

ഇ-മെയിൽ : Hmkarimalaamlps@gmail.com

സ്കൂൾ കോഡ് : 47534

വിദ്യാഭ്യാസ ഉപജില്ല : ബാലുശ്ശേരി

വിദ്യാഭ്യാസ ജില്ല : താമരശ്ശേരി

റവന്യൂ ജില്ല : കോഴിക്കോട്

ബി. ആർ. സി : ബാലുശ്ശേരി

സി. ആർ. സി : ഉണ്ണികുളം

ഗ്രാമ പഞ്ചായത്ത് : ഉണ്ണികുളം

ബ്ലോക്ക് പഞ്ചായത്ത് : ബാലുശ്ശേരി

ജില്ലാ പഞ്ചായത്ത് : കോഴിക്കോട്

നിയമ സഭാമണ്ഡലം : ബാലുശ്ശേരി

പാർലമെന്റ് മണ്ഡലം : കോഴിക്കോട്

താലൂക്ക് : താമരശ്ശേരി

വില്ലേജ് : ശിവപുരം

# അവസ്ഥ വിശകലനം

ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലായി 65 വിദ്യാർത്ഥികളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്. മികച്ച പഠനാന്തരീക്ഷവും നൂതനമായ ഭൗതിക സാഹചര്യങ്ങളും ഒരുക്കുവാനും കഴിഞ്ഞുപോയ വർഷങ്ങളിൽ പഠന പാഠ്യേതര വിഷയങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കുവാനും വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ അധ്യയന വർഷങ്ങളിൽ ധാരാളം കുട്ടികൾ എൽ എസ് എസ് നേടിയത് കുട്ടികളുടെ പഠന പുരോഗതി സാക്ഷ്യപ്പെടുത്തുന്നു.

ആധുനിക സംവിധാനങ്ങളോടു കൂടിയ ബഹുനില കെട്ടിടത്തിലാണ് കരിമല എ എം എൽ പി സ്കൂൾ പ്രവർത്തിച്ചുവരുന്നത്. മുഴുവൻ ക്ലാസ് മുറികളും ഹൈടെക് സംവിധാനങ്ങളോട് കൂടിയതാണ്. കുട്ടികൾക്ക് ആവശ്യമായ ടോയ്‌ലറ്റുകൾ കളിസ്ഥലം എന്നിവ വിദ്യാലയത്തിനോട് അനുബന്ധിച്ച് സജ്ജീകരിച്ചിട്ടുണ്ട്. സർക്കാർ ഗ്രാൻഡ് വിനിയോഗിച്ച് നിർമ്മിച്ച പാചകപ്പുരയും ഇവിടെയുണ്ട്. ജനകീയ പങ്കാളിത്തത്തോടുകൂടി ഒട്ടേറെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ആയിരത്തിൽ പരം പുസ്തകങ്ങളോടുകൂടിയ ലൈബ്രറിയും കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിന് പരിമിതമായ കമ്പ്യൂട്ടറുകളും വിദ്യാലയത്തിലുണ്ട്. പോഷക സമൃദ്ധമായ ഭക്ഷണവും കുട്ടികൾക്ക് നൽകിവരുന്നു. വിദ്യാലയത്തിലെ മുഴുവൻ പ്രവർത്തനങ്ങളും വിജയിപ്പിക്കുന്നത് പി. ടി. എ. യും രക്ഷിതാക്കളും വലിയ പങ്ക് വഹിക്കുന്നുണ്ട്.

## ലക്ഷ്യങ്ങൾ

1. വിദ്യാലയത്തിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും സമഗ്രഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
2. ഓരോ കുട്ടിയുടെയും പഠന പുരോഗതി വിലയിരുത്തി കൊണ്ട് ആവശ്യമായ പഠന പിന്തുണകൾ നൽകുക.
3. ആധുനിക സാങ്കേതിക വിദ്യയും ബോധന രീതിയും പ്രാവർത്തികമാക്കുക.
4. പഠനത്തോടൊപ്പം ആരോഗ്യ-കല-കായിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുക.
5. ജനകീയ പങ്കാളിത്തത്തോടുകൂടി വിദ്യാലയത്തിന്റെ എല്ലാ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കുക.
6. പി. ടി. എ., എം. പി. ടി. എ., എസ്. എസ്. ജി. എന്നിവ സജീവമാക്കുക.
7. എല്ലാ കുട്ടികൾക്കും പഠനം ലക്ഷ്യങ്ങൾ ഉറപ്പാക്കുന്നതിനോടൊപ്പം പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ, പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾ, ഭിന്നശേഷികളുള്ള കുട്ടികൾ എന്നിവർക്കായി പ്രത്യേക പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക.
8. കല, കായിക, ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവർത്തി പരിചയ രംഗങ്ങളിൽ മികവ് തെളിയിക്കുക.
9. ഇംഗ്ലീഷ് ഭാഷ പഠനത്തിന് കൂടുതൽ പ്രാധാന്യം നൽകുക.
10. പൊതുവായി നടക്കുന്ന മത്സര പരീക്ഷകളിൽ ഉയർന്ന വിജയം നേടുക.

# പ്രവർത്തന പദ്ധതി

**ഭാഷ – മലയാളം**

(എന്റെ മലയാളം)

1. സ്വതന്ത്ര വായന
2. മലയാളത്തനിമ
3. സ്കൂൾ റേഡിയോ
4. യൂണിറ്റ് മാഗസിൻ
5. ഇ മലയാളം
6. സ്കൂൾ പത്രം
7. കഥോത്സവം

**ഭാഷ – ഇംഗ്ലീഷ്**

SPELL (Special programme for English Language Learning)

1. English Hub
2. English News Presentation
3. Story Time
4. English Assembly

**ഗണിതം**

(ഗണിത വിസ്മയം)

1. ശിൽപശാല
2. ഗണിത ചാതുരി
3. കണക്ക് പെട്ടി
4. സ്കാപ്പ് (SPACE QUANTITY ARRANGEMENT & PATTERN)

**പരിസര പഠനം**

(ചുറ്റുപാട്)

1. നാട്ടറിവ്
2. ശാസ്ത്രപെട്ടി

3. പരിസ്ഥിതിയും കുട്ടിയും
4. ശാസ്ത്ര കൗതുകം - പരീക്ഷണങ്ങൾ

**കളിപ്പെട്ടി (അലക്സ അമിഗോ)**

1. Reels ചിത്രീകരണം
2. ഡിസൈനിങ് & കളറിംഗ്
3. ടൈപ്പിംഗ് പരിശീലനം
4. AI വർക്ക്ഷോപ്പ്

**ഭാഷ - അറബിക്**

1. നല്ല എഴുത്ത്
2. ആസ്വാദനവേദി
3. അറബിക് തിയേറ്റർ
4. അറബിക് മാസിക

**ആരോഗ്യ കായിക വിദ്യാഭ്യാസം**

ക്ലീൻ സ്കൂൾ ഗ്രീൻ സ്കൂൾ

1. സൂമ്പ ഡാൻസ്
2. ഷുഗർ ബോർഡ്
3. വ്യായാമ പരിശീലനം
4. ഭക്ഷ്യമേള

**കലാ വിദ്യഭ്യാസം**

ബാലോത്സവം

1. വിദ്യാരംഗം
2. പാട്ടരങ്ങ്
3. അഭിനയകളരി
4. കലാ ക്യാമ്പ്

## പ്രവർത്തി പരിചയ വിദ്യാഭ്യാസം

1. ക്രാഫ്റ്റ്
2. Remake & Reuse

## ഇതര പ്രവർത്തനങ്ങൾ

1. ക്ലബ്ബ് പ്രവർത്തനം
2. ഇന്നൊവേറ്റീവ് ലാബ്
3. സഹവാസ ക്യാമ്പ്
4. ആകാശ വിസ്മയം

പ്രവർത്തനം : മലയാളത്തനിമ
മേഖല : ലേഖനം
ലക്ഷ്യം : അക്ഷരത്തെറ്റ് ഇല്ലാതെ സർഗാത്മ സ്വാതന്ത്ര്യ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

| പ്രവർത്തന ഘട്ടങ്ങൾ | ക്ലാസ് | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | മോണിറ്ററിങ് |
|---|---|---|---|---|---|
| പ്രീ ടെസ്റ്റ് | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ | ആറുമാസം | | |
| ചിത്രങ്ങൾ നോക്കി വാക്യങ്ങൾ, കുറിപ്പുകൾ, സംഭാഷണം, തയ്യാറാക്കൽ | | | ജൂൺ, ജൂലൈ, ഓഗസ്റ്റ് | | |
| ഡയറിക്കുറിപ്പ് സർഗാത്മക ഡയറി സംയുക്ത ഡയറി സചിത്ര ഡയറി | | | ഒരു വർഷം | അധ്യാപകൻ | HM SRG |
| | | | | | |

പ്രവർത്തനം : സ്വതന്ത്ര വായന
മേഖല : വായന
ലക്ഷ്യം : വിദ്യാലയത്തിലെ മുഴുവൻ കുട്ടികളിലും വായനശീലം വളർത്തുക.

| പ്രവർത്തന ഘട്ടങ്ങൾ | ക്ലാസ് | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | മോണിറ്ററിങ് |
|---|---|---|---|---|---|
| CPTA പദ്ധതി വിശദീകരണം | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ | | | |
| **വാർത്താവായന:** 3, 4 ക്ലാസുകളിലെ കുട്ടികൾ ക്രമാനുസൃതമായി ഓരോ ദിവസവും പ്രധാന വാർത്തകൾ എഴുതി തയ്യാറാക്കി ഉച്ചഭാഷിണിയിലൂടെ വായിക്കുക. | 3, 4 | ക്ലാസ് ടീച്ചർ | ഒരു വർഷം | | HM |
| **വായന കാർഡ്:** 1, 2 ക്ലാസുകളിലെ കുട്ടികൾ വായന കാർഡുകൾ നൽകി | 1, 2 | ക്ലാസ് ടീച്ചർ | | | HM SRG |
| ഉച്ചഭാഷിണിയിലൂടെ അവതരണം | | | | | |

## E മലയാളം

ലക്ഷ്യം : മലയാളം ടൈപ്പിംഗ് പരിശീലിപ്പിക്കുക
ടൈപ്പിംഗ് പഠനത്തിലൂടെ മലയാളം തെറ്റില്ലാതെ എഴുതാനും വായിക്കാനും ശേഷി നേടുക

| പ്രവർത്തന ഘട്ടങ്ങൾ | ക്ലാസ് | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | മോണിറ്ററിങ് |
|---|---|---|---|---|---|
| **ടൈപ്പിംഗ്:** മലയാളം കീബോർഡ് പരിചയപ്പെടുന്നു | 3, 4 | അസീം അലി | 6 മാസം | | SRG |
| **അക്ഷരങ്ങൾ കണ്ടെത്താം:** മലയാളം അക്ഷരങ്ങൾ ടൈപ്പ്ചെയ്ത് പഠിക്കുന്നു | 3, 4 | അസീം അലി | 2 മാസം | | |
| **വാക്യങ്ങൾ:** ടീച്ചർ നൽകുന്ന വാക്യങ്ങൾ ടൈപ്പ് ചെയ്യുക | | | | | |
| | | | | | |

**വിഷയം : മലയാളം**
മേഖല : അക്കാദമികം
ലക്ഷ്യം : മലയാളപ്പെരുമ

| പ്രവർത്തന ഘട്ടങ്ങൾ | ക്ലാസ് | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | മോണിറ്ററിങ് |
|---|---|---|---|---|---|
| അക്ഷരപ്പാട്ടുകൾ കേൾക്കുന്നു. മണൽക്കാർഡ് ഉപയോഗിച്ച് ശരിയായ ആലേഖന രീതി പരിചയപ്പെടുന്നു. | 1 മുതൽ 4 വരെ | അധ്യാപകൻ | 1 വർഷം | | |
| ശരിയായ അക്ഷരങ്ങളും പദങ്ങളും ഉപയോഗിക്കാൻ, ഉച്ചരിക്കാൻ അമ്മമാരെ കൂടി ബോധവാന്മാരാക്കുന്നു. | 1, 2 | | | | |
| പറഞ്ഞും എഴുതിയും തന്റെ ആശയങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (വിവരണം, കവിത, സംഭാഷണം) ആവിഷ്ക്കരിക്കുന്നു. | 1 മുതൽ 4 വരെ | അധ്യാപകൻ | 1 വർഷം | | |
| **മണലിലൂടെ:** പദങ്ങൾ ഉണ്ടാക്കാം വാക്യങ്ങൾ ഉണ്ടാക്കാം | 1, 2 | | 1 വർഷം | | |

## സ്കൂൾ റേഡിയോ

ലക്ഷ്യം : കുട്ടികളുടെ സർഗാത്മകത വർദ്ധിപ്പിക്കുക സഭാകമ്പമില്ലാതെ കലാപരിപാടികൾ അവതരിപ്പിക്കാനുള്ള ശേഷീ വികസനം

| പ്രവർത്തന ഘട്ടങ്ങൾ | ക്ലാസ് | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | മോണിറ്ററിങ് |
|---|---|---|---|---|---|
| വാർത്താവായന ഓരോ ദിവസവും വ്യത്യസ്ത കുട്ടികൾക്ക് വാർത്ത വായനക്ക് അവസരം. | 1 മുതൽ 4 വരെ | സതി പി ഇ | 1 വർഷം | | HM SRG |
| കവിതാലാപനം കവിതകൾ മൈക്കിലൂടെ ചൊല്ലൽ | 3, 4 | സതി പി ഇ | ജൂലൈ മുതൽ | | HM |
| ഒഴിവുസമയം ആസ്വാദ്യകരമാക്കാം | 1 മുതൽ 4 വരെ | സതി പി ഇ | ജൂലൈ മുതൽ | | HM |
| കുട്ടികളെ നാല് ഗ്രൂപ്പുകളാക്കി തിരിക്കുന്നു ഓരോ ഗ്രൂപ്പിനും ഓരോ ദിവസത്തെ ചുമതല | | അധ്യാപകൻ | | | |
| റേഡിയോ പരിപാടികൾ അവതരണം | | | | | |

**വിഷയം** : **ഗണിതം**

പദ്ധതി : ഗണിത വിസ്മയം

ലക്ഷ്യം : പഠനോപകരണങ്ങൾ ഉപയോഗിച്ച് ഗണിത പഠനം രസകരവും ആസ്വാദ്യകരവുമാക്കുക. ജ്യാമിതീയ രൂപങ്ങൾ ഉപയോഗിച്ച് പാറ്റേണുകൾ നിർമ്മിക്കുക

| പ്രവർത്തന ഘട്ടങ്ങൾ | ക്ലാസ് | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | മോണിറ്ററിങ് |
|---|---|---|---|---|---|
| **ഗണിത ശില്പശാല :** രക്ഷിതാക്കളെയും കുട്ടികളെയും ഉൾപ്പെടുത്തി ജ്യോമട്രിക്കൽ ചാർട്ട്, സ്റ്റിൽ മോഡൽ, പസിൽ നിർമ്മാണ ശില്പശാല | 3,4 | SRG | 1 ദിവസം | PTA | HM |
| | | | | | |

**വിഷയം** **: കായികം**

ലക്ഷ്യം : കുട്ടികളിൽ കായിക ക്ഷമത വർദ്ധിപ്പിക്കുക.കായിക പരിശീലനത്തിലൂടെ ആരോഗ്യസുരക്ഷ ഉറപ്പ് വരുത്തുക.

| പ്രവർത്തന ഘട്ടങ്ങൾ | ക്ലാസ് | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | മോണിറ്ററിങ് |
|---|---|---|---|---|---|
| **നാടൻകളികൾ പരിചയപ്പെടൽ** അന്യം നിന്നുപോകുന്ന പഴയകാല കളികൾ പരിചയപ്പെടൽ | 1 മുതൽ 4 വരെ | | 1 വർഷം | | |
| **പരിശീലന കളരി** കായിക അധ്യാപകരുടെ സഹായത്തോടെ സമീപത്തെ ഹൈസ്കൂൾ ഗ്രൗണ്ട് ഉപയോഗപ്പെടുത്തി പരിശീലനം നടത്തുന്നു. | 1, 2 | | | | |
| **അനുഭവം പങ്കിടൽ** നാട്ടിലെ പഴയകാല കളിക്കാരുമായി അനുഭവം പങ്കിടുന്നതിന് അവസരം ഒരുക്കുക | 1 മുതൽ 4 വരെ | | 1 വർഷം | | |
| **ഡമോൺസ്ട്രേഷൻ** കരാട്ടെ, യോഗ, കളരിപ്പയറ്റ്, തുടങ്ങിയ ആയോജന കലകളെ വിദഗ്ദരുടെ സഹായത്താൽ പരിചയപ്പെടുത്തുന്നു. | 1, 2 | | 1 വർഷം | | |

**വിഷയം** : **ഗണിതം**
മേഖല : നിർമ്മാണം
പ്രവർത്തനം : ഗണിത പെട്ടി
ലക്ഷ്യം : ഗണിത പഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ ഉപയോഗിച്ച് ഗണിത പഠനം രസകരമാക്കുക

| പ്രവർത്തന ഘട്ടങ്ങൾ | ക്ലാസ് | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | മോണിറ്ററിങ് |
|---|---|---|---|---|---|
| ആവശ്യമായ മെറ്റീരിയലുകൾ ശേഖരിക്കൽ | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ | | PTA SSG | |
| പഠനോപകരണ നിർമ്മാണം | 1 മുതൽ 4 വരെ | ക്ലാസ് ടീച്ചർ | 4 വർഷം | PTA SSG | |
| | | | | | |

**വിഷയം** **: അറബി ഭാഷ**
മേഖല : അക്കാദമികം
ലക്ഷ്യം : കുട്ടികളെ അറബി ഭാഷ പഠനത്തിൽ തത്പരരാക്കുന്നതോടൊപ്പം സർഗ്ഗ വാസനകളെ ശരിയായ വിധത്തിൽ ഉപയോഗപ്പെ ടുത്തുന്നതിനും ഭാഷാ പഠനത്തിന് കൂടുതൽ അവസരം സൃഷ്ടിക്കുന്നതിനും

| പ്രവർത്തന ഘട്ടങ്ങൾ | ക്ലാസ് | ചുമതല | കാലയളവ് | സാമ്പത്തിക സ്രോതസ്സ് | മോണിറ്ററിങ് |
|---|---|---|---|---|---|
| **ഇഖ്റഅ്:** കുട്ടിയെ നല്ല വായനക്കാരാക്കുക. മുഴുവൻ കുട്ടികളെയും വായനയിൽ തൽപരരാക്കുക. വായന ഒരു ശീലമാക്കുക. | 1 മുതൽ 4 വരെ | അധ്യാപകൻ | 1 വർഷം | | |
| **പുസ്തക പ്രദർശനം** ശേഖരിച്ച പുസ്തകങ്ങൾ പൊതുവേദിയിൽ ഭംഗിയായി പ്രദർശിപ്പിക്കുന്നു | 1 മുതൽ 4 വരെ | അധ്യാപകൻ | 1 ദിവസം | PTA SSG | |
| **ചുമർ പ്രതിക** പാഠഭാഗവുമായി ബന്ധപ്പെട്ട ചുമർ പ്രതികകൾ വിവിധ ഗ്രൂപ്പുകളായി നിർമ്മിക്കുന്നു. | 1 മുതൽ 4 വരെ | അധ്യാപകൻ | 1 വർഷം | PTA SSG | |
| **പതിപ്പ് നിർമ്മാണം.** ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പതിപ്പുകൾ നിർമ്മിക്കുന്നു. | 3,4 | | 1 വർഷം | SSG | |